# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 554

01.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർഫെഡ് ഭരണ സമിതിയുടെ നേതൃത്വത്തിൽ നടന്ന അഴിമതികൾ കണ്ടെത്തി സർക്കാരിന് മാനേജിംഗ് ഡയറക്ടർ നൽകിയ പദ്ധതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) കൺസ്യൂമർ ഫെഡ് ഭരണ സമിതിയുടെ നേതൃത്വത്തിൽ നടന്ന അഴിമതികൾ സംബന്ധിച്ച് മനേജിംഗ് ഡയറക്ടർ നൽകിയ പരാതികളിൻമേൽ വിജിലൻസ് വകുപ്പും സഹകരണ വകുപ്പുതലത്തിലും അന്വഷണം നടന്നുവരുന്നു. |
| (ബി) ക്രമക്കേടുകൾ കണ്ടുപിടിച്ച് സർക്കാരിനെ അറിയിച്ച മാനേജിംഗ് ഡയറക്ടർ ടോമിൻ തച്ചങ്കരിയെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായോ ; റിപ്പോർട്ട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ; | (ബി) കൺസ്യൂമർഫെഡിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി 10.09.2015 ലെ ജി ഒ (ആർ റ്റി ) നമ്പർ 6738/2015/ജി എ ഡി നമ്പർ ഉത്തരവ് പ്രകാരം കൺസ്യൂമർ ഫെഡറേഷന്റെ മനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയിൽ നിന്നും ശ്രീ.ടോമിൻ തച്ചങ്കരിയെ ഒഴിവാക്കിയിട്ടുണ്ട്. കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകളിൻ മേലുള്ള റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയുള്ള വിശദമായ വകുപ്പ് തല അന്വേഷണം പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്ഥലം മാറ്റപ്പെട്ട മാനേജിംഗ് ഡയറക്ടർമാർ ഏതെല്ലാം തിയതികളിലായി എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു ? | (സി) | 22/05/2015, 29/05/2015, 04/06/2015, 23/06/2015, 26/06/2015, 27/07/2015, 25/08/2015 തീയ്യതികളിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ